# റിടെണ്ടർ പരസ്യം

**ഫയൽ നം. A.53/2025** **തീയതി: 28/02/2025**

2024-25 സാമ്പത്തിക വർഷത്തിൽ മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിലെ കാർഷിക ആവശ്യങ്ങക്കായി **Shade Net, Weed Mat** എന്നിവ വിതരണം ചെയ്യുന്നതിന് തയ്യാറുള്ള വിതരണക്കാരിൽ നിന്നും മത്സരസ്വഭാവമുള്ള, മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

**അടങ്കൽ തുക – 4,99,990/- രൂപ**

## നിബന്ധനകൾ

1. **75% വെളിച്ചം തടുക്കുന്ന (25% പ്രകാശം മാത്രം അനുവദിക്കുന്ന) 10000 സ്ക്വയർ മീറ്റർ Shade Net, 100 GSM കനമുള്ള 6000 സ്ക്വയർ മീറ്റർ weed Mat** എന്നിവ ആണ് വിതരണം ചെയ്യേണ്ടത്.
2. GST ഉൾപ്പെടെ ഒരു സ്ക്വയർ മീറ്ററിന്റെ നിരക്കായിരിക്കണം ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.
3. വിതരണം ചെയ്യുന്ന Shade Net, Weed Mat എന്നിവ ഗുണമേന്മ ഉള്ളതായിരിക്കണം .
4. ദർഘാസുകൾ സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, മാവേലിക്കര എന്ന വിലാസത്തിൽ **മാർച്ച് 10 തിങ്കൾ രാവിലെ 11** മണിയ്ക്ക് മുമ്പായി ലഭിക്കേണ്ടതും അന്നേ ദിവസം **രാവിലെ 11.30** ന് അപ്പോൾ ഹാജരായ ടെണ്ടർ ദായകരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതും, കുറഞ്ഞ നിരക്കിലുള്ള ദർഘാസ് യുക്തമെന്ന് കണ്ടാൽ അംഗീകരിക്കുന്നതുമാണ്.
5. ടെണ്ടർ സമർപ്പിക്കുന്ന കവറിന് പുറത്ത് മുകളിലായി ടെണ്ടർ നമ്പർ എ.53/2025 'Shade Net, Weed Mat എന്നിവ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ' എന്ന് വ്യക്തമായി എഴുതിയിരിക്കേണ്ടതും, ടെണ്ടർകാരന്റെ പേരും, മേൽവിലാസവും രേഖപ്പെടുത്തേണ്ടതുമാണ്.
6. **2025 മാർച്ച് 06 വ്യാഴം** രാവിലെ **10 മണി** മുതൽ ടെണ്ടർഫോറത്തിന്റെ വിതരണം ആരംഭിക്കുകയും **2025 മാർച്ച് 10 തിങ്കൾ രാവിലെ 10.30** മണിയോടുകൂടി അവസാനിക്കുന്നതുമായിരിക്കും. യാതൊരു കാരണവശാലും ടെണ്ടർ ഫോറത്തിന്റെ വില തിരിച്ചുനൽകുന്നതല്ല. ടെണ്ടർ ഫോറത്തിന്റെ വില പണമായോ മണിയോഡറായോ മാത്രമേ സ്വീകരിക്കുകയുള്ളൂ. ടെണ്ടർ ഫോറം കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല. ടെണ്ടർഫോറത്തിന്റെ വിലയോടൊപ്പം ആയതിന്റെ ജി.എസ്.റ്റി കൂടി ഈടാക്കുന്നതാണ്.
7. ടെണ്ടറിനോടൊപ്പം 5000/- രൂപയുടെ നിരതദ്രവ്യം ക്രോസ്സ്ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റായി സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, മാവേലിക്കര എന്ന വിലാസത്തിൽ എസ്.ബി.ഐ കൊച്ചാലുമ്മൂട് ശാഖയിൽ നിന്നും മാറത്തക്കവണ്ണം സമർപ്പിക്കേണ്ടതാണ്.
8. ടെണ്ടറിനോടൊപ്പം 200/- രൂപ വിലയുള്ള കേരളസർക്കാർ മുദ്രപ്പത്രത്തിൽ പ്രവൃത്തി സംബന്ധമായ സമ്മതപത്രം ഉള്ളടക്കം ചെയ്യേണ്ടതാണ്.
9. വിതരണം ചെയ്യുന്ന Shade Net, Weedmat എന്നിവയുടെ അളവ് ബോധ്യപ്പെടുത്തുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
10. ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണത്താൽ അവധി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവൃത്തിദിവസം നിശ്ചിത സമയത്ത് ടെണ്ടർ തുറക്കുന്നതാണ്

11. ടെണ്ടർ അംഗീകരിച്ച ശേഷം ഈ ഓഫീസിൽ നിന്നും നിർദ്ദേശിക്കുന്ന സ്ഥലത്ത് നിശ്ചിത സമയപരിധിക്കുള്ളിൽ മുഴുവൻ സാധനങ്ങളും വിതരണം ചെയ്യേണ്ടതാണ്.

12. വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരൻ പ്രവർത്തിക്കുകയോ നിശ്ചിത സമയ പരിധിക്കുള്ളിൽ Shade Nesi, Weed Mat എന്നിവ വിതരണം ചെയ്യാതിരിക്കുന്ന പക്ഷം ടെണ്ടർ നടപടികൾ റദ്ദാക്കുന്നതിനുള്ള അധികാരം സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്. മാത്രമല്ല, ആയത് മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും പൂർണ്ണ ഉത്തരവാദിത്വം കരാറുകാരന് മാത്രമായിരിക്കും. ടി നഷ്ടം റവന്യൂ റിക്കവറി അടക്കമുള്ള നിയമാനുസൃത മാർഗ്ഗത്തിലൂടെ ഈടാക്കുന്നതാണ്.

13. ടെണ്ടർ അംഗീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ തീരുമാനത്തിന് അനുസൃതമായിരിക്കും.

14. ടെണ്ടർ സംബന്ധമായ കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാക്കാവുന്നതാണ്. (ഫോൺ. 0479-2357690,9383470691, E-mail:noorekkar@gmail.com)

(ഒപ്പ്)

ഫാം സൂപ്രണ്ട്
ജില്ലാ കൃഷിത്തോട്ടം
മാവേലിക്കര